REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 25-08-2025 സമയം 12.30 PM

## പ്രധാന വാർത്തകൾ

- ജയിലിൽ കഴിയുന്നവർക്ക് ഗവൺമെന്റ് രൂപീകരിക്കാനും ഭരണം നടത്താനും അവസരം നൽകാനാണ് പ്രതിപക്ഷം ശ്രമിക്കുന്നതെന്ന് ആഭ്യന്തരമന്ത്രി അമിത്ഷാ.
- പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ രണ്ട് ദിവസത്തെ ഗുജറാത്ത് സന്ദർശനം ഇന്ന് ആരംഭിക്കും.
- ലോക് സംവർദ്ധൻ പർവിന്റെ അഞ്ചാം പതിപ്പിന് നാളെ കൊച്ചിയിൽ തുടക്കമാകും.
- സപ്ലൈകോ ഓണം ഫെയർ വൈകീട്ട് മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യും.
- രാഹുൽ മാങ്കൂട്ടത്തിലിനെ കോൺഗ്രസിന്റെ പ്രാഥമിക അംഗത്വത്തിൽ നിന്ന് സസ്പെൻഡ് ചെയ്തതായി KPCC പ്രസിഡന്റ് സണ്ണി ജോസഫ്.
- നാളെ അത്തം. ഓണാഘോഷത്തെ വരവേൽക്കാൻ നാടൊരുങ്ങി.

## വാർത്തകൾ വിശദമായി

**ജയിലിൽ കഴിയുന്നവർക്ക് ഗവൺമെന്റ് രൂപീകരിക്കാനും ഭരണം നടത്താനും അവസരം നൽകാനാണ് പ്രതിപക്ഷം ശ്രമിക്കുന്നതെന്ന് ആഭ്യന്തരമന്ത്രി അമിത്ഷാ കുറ്റപ്പെടുത്തി. 130-ാം ഭരണഘടനാ ഭേദഗതി പരിശോധിക്കാൻ രൂപീകരിച്ച സംയുക്ത പാർലമെന്ററി സമിതിയിൽ നിന്ന് പ്രതിപക്ഷം വിട്ടുനിന്നാലും, സമിതിയുടെ പ്രവർത്തനം തുടരുമെന്ന് ആഭ്യന്തരമന്ത്രി പറഞ്ഞു. നിയമ നിർമ്മാണങ്ങളിൽ പ്രതിപക്ഷ പങ്കാളിത്തം ഉറപ്പാക്കാൻ ലഭിക്കുന്ന അവസരം പ്രതിപക്ഷം കൈവിട്ടുകളയുകയാണെന്ന് അമിത്ഷാ**

**വിലയിരുത്തി. പ്രതിപക്ഷത്തിന്റെ ഈ നടപടി ജനാധിപത്യ വിരുദ്ധമാണ്. തടവിൽ കഴിയുന്ന രാഷ്ട്രീയ നേതാക്കളെ രാജ്യം ഭരിക്കാൻ അനുവദിക്കുന്ന നടപടി ജനാധിപത്യത്തിന് ഭൂഷണമാണോ എന്ന് നാടും പ്രതിപക്ഷവും ചിന്തിക്കണമെന്ന് ANI യ്ക്ക് നൽകിയ അഭിമുഖത്തിൽ അമിത്ഷാ പറഞ്ഞു.**

**മുൻ രാഷ്ട്രപതി ജഗ്ദീപ് ധൻഖർ രാജിവെച്ചത് ആരോഗ്യപരമായ കാരണങ്ങളെ തുടർന്നാണ്. ഈ വിഷയം ഇനിയും വലിച്ചുനീട്ടാൻ പ്രതിപക്ഷം ശ്രമിക്കരുതെന്നും അമിത്ഷാ ആവശ്യപ്പെട്ടു.**

**✪✪✪**

**പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ രണ്ട് ദിവസത്തെ ഗുജറാത്ത് സന്ദർശനം ഇന്ന് ആരംഭിക്കും. വൈകിട്ട് അഹമ്മദാബാദിൽ 5,400 കോടി രൂപയുടെ വികസന പദ്ധതികൾ അദ്ദേഹം നാടിന് സമർപ്പിക്കും. നാളെ അഹമ്മദാബാദ് ഹൻസാൽപൂരിൽ ഹൈബ്രിഡ് ബാറ്ററി ഇലക്ട്രോഡുകളുടെ ഉത്പാദനവും, നൂറ് രാജ്യങ്ങളിലേക്ക് വൈദ്യുതി വാഹന കയറ്റുമതി പദ്ധതിയും പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്യും. 1,400 കോടി രൂപയുടെ റെയിൽവെ പദ്ധതികളും അദ്ദേഹം രാജ്യത്തിന് സമർപ്പിക്കും.**

**✪✪✪**

**കേന്ദ്രസഹമന്ത്രി ജോർജ് കുര്യൻ നാലു ദിവസത്തെ സന്ദർശനത്തിന് കേരളത്തിലെത്തി. ഇന്ന് കേന്ദ്ര സഹമന്ത്രി എറണാകുളത്ത് വിവിധ പരിപാടികളിൽ പങ്കെടുക്കും.**

**നാളെ കൊച്ചിയിൽ ലോക് സംവർദ്ധൻ പർവിന്റെ അഞ്ചാം പതിപ്പ് അദ്ദേഹം ഉദ്ഘാടനം ചെയ്യും. ന്യൂനപക്ഷ സമുദായങ്ങളിലെ കരകൗശല വിദഗ്ധർ, നെയ്ത്തുകാർ, സംരംഭകർ തുടങ്ങിയവർക്ക് വിപണി ബന്ധങ്ങൾ പരിചയപ്പെടുത്തുന്ന സംരംഭമാണ് ലോക് സംവർദ്ധൻ പർവ്. അടുത്ത മാസം നാലുവരെ കൊച്ചി മറൈൻ ഡ്രൈവ് ഗ്രൗണ്ടിലാണ് സംവർദ്ധൻ മേള സംഘടിപ്പിക്കുന്നത്.**

**✪✪✪**

**കേന്ദ്രസഹമന്ത്രി L മുരുഗൻ ഒരു ദിവസത്തെ സന്ദർശനത്തിന് ഇന്ന് കേരളത്തിലെത്തും. കൊച്ചിയിൽ അദ്ദേഹം വിവിധ പരിപാടികളിൽ പങ്കെടുക്കും.**

**✪✪✪**

**സപ്ലൈകോ ഓണം ഫെയർ വൈകീട്ട് മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരം കിഴക്കേകോട്ടയിലെ E.K നായനാർ പാർക്കിൽ ഉദ്ഘാടനം ചെയ്യും. സപ്ലൈകോ സബ്സിഡി - നോൺ സബ്സിഡി ഉത്പന്നങ്ങൾക്കു**

പുറമെ കൈത്തറി, കുടുംബശ്രീ, മിൽമ ഉത്പന്നങ്ങളും, പച്ചക്കറിയും പ്രത്യേക സ്റ്റാളുകളിൽ ലഭ്യമാവും. കരകുളം സർവ്വീസ് സഹകരണ ബാങ്കിന്റെ ആഭിമുഖ്യത്തിൽ കാസ്‌ക്കോ വില്ലേജിൽ നിന്നും വിളവെടുത്ത ജൈവ പച്ചക്കറി ഉത്പന്നങ്ങളാണ് ചന്തയിൽ ലഭ്യമാക്കുന്നത്.

ഓണത്തിന് സപ്ലൈകോ 25,000 ടണ്ണോളം ഭക്ഷ്യധാന്യങ്ങൾ സംഭരിച്ചിട്ടുണ്ട്. ഓണക്കാലത്ത് നൽകി വരുന്ന 8 കിലോ സബ്സിഡി അരിയ്ക്കു പുറമെ കാർഡൊന്നിന് 20 കിലോ പച്ചരിയോ, പുഴുക്കലരിയോ 25 രൂപ നിരക്കിൽ സ്പെഷ്യൽ അരിയായി നൽകും. സബ്സിഡി നിരക്കിൽ നൽകുന്ന മുളകിന്റെ അളവ് അരക്കിലോയിൽ നിന്നും ഒരു കിലോയായി വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

നിത്യോപയോഗ സാധനങ്ങൾ കൂടാതെ സബ്സിഡി ഉല്പന്നങ്ങളും ലഭിക്കും.

✪✪✪

രാഹുൽ മാങ്കൂട്ടത്തിലിനെ കോൺഗ്രസിന്റെ പ്രാഥമികാംഗത്വത്തിൽ നിന്ന് സസ്‌പെൻഡ് ചെയ്തതായി KPCC പ്രസിഡന്റ് സണ്ണി ജോസഫ് അറിയിച്ചു. ഇതോടെ രാഹുലിന്റെ പാർലമെന്ററി പാർട്ടി അംഗത്വവും റദ്ദായതായി അദ്ദേഹം കണ്ണൂരിൽ മാധ്യമങ്ങളോട് പറഞ്ഞു. രാഹുലിനെതിരെ ഉയർന്ന ആരോപണങ്ങളെ കോൺഗ്രസ് ഗൗരവത്തോടെയാണ് കാണുന്നത്. യൂത്ത് കോൺഗ്രസ് പ്രസിഡന്റ് സ്ഥാനത്ത് നിന്ന് രാഹുൽ രാജിവെച്ചത് മാതൃകാപരമായ നടപടിയയാണ് പാർട്ടി കാണുന്നത്.

പാർട്ടിക്കോ, നിയമ സംവിധാനത്തിനോ രാഹുലിനെതിരായ ആക്ഷേപങ്ങളെക്കുറിച്ച് പരാതി ലഭിച്ചിട്ടില്ലെന്നും സണ്ണി ജോസഫ് അറിയിച്ചു. ഈ സാഹചര്യത്തിൽ MLA സ്ഥാനം രാഹുൽ രാജി വെക്കേണ്ടതില്ല. ഗുരുതരമായ കേസുകളിൽ FIR ഉം ചാർജ് ഷീറ്റും ഉണ്ടായിട്ടും ഭരണപക്ഷത്തെ MLA മാർ രാജിവെച്ചിട്ടില്ലെന്നും സണ്ണി ജോസഫ് അറിയിച്ചു.

✪✪✪

കോൺഗ്രസ് രൂപം കൊണ്ടതിനു ശേഷം ഏറ്റവും കടുത്ത ജീർണത നേരിടുന്ന കാലഘട്ടമാണിതെന്ന് CPIM സംസ്ഥാന സെക്രട്ടറി MV ഗോവിന്ദൻ വിലയിരുത്തി. കുറ്റാരോപിതനായ MLA യ്ക്കെതിരെ ശക്തമായ സമര പരിപാടികൾ പാർട്ടി ആവിഷ്ക്കരിച്ചിട്ടുണ്ടെന്നും അദ്ദേഹം മാധ്യമങ്ങളോടു പറഞ്ഞു. രാഹുൽ മാങ്കൂട്ടത്തിൽ രാജി വെയ്ക്കണമെന്നത് ജനങ്ങളുടെ അഭിപ്രായമാണെന്നും MV ഗോവിന്ദൻ അറിയിച്ചു.

✪✪✪

ഹരിയാനയിലെ ഗുരുഗ്രാമിൽ നിന്ന് രാസലഹരി നിർമ്മാതാക്കളും വിതരണക്കാരുമായ എട്ടു പേരെ കേരള പൊലീസ് നൽകിയ വിവരത്തിന്റെ അടിസ്ഥാനത്തിൽ പിടികൂടി. ഇവരിൽ ആറ് പേർ നൈജീരിയൻ

സ്വദേശികളാണ്. ഒരാൾ നേപ്പാൾ പൗരനും, മറ്റൊരാൾ മിസ്സോറാം സ്വദേശിയുമാണ്.

കോഴിക്കോട് സിറ്റി പൊലീസ് 778 ഗ്രാം MDMA യുമായി പിടികൂടിയ മലപ്പുറം പുതുക്കോട്ട് സ്വദേശിയിൽ നിന്ന് ലഭിച്ച വിവരത്തിന്റെ അടിസ്ഥാനത്തിലാണ് ഹരിയാന പൊലീസ് ഗുരുഗ്രാമിൽ റെയ്ഡ് നടത്തി പ്രതികളെ പിടികൂടിയത്.

പ്രതികളുടെ താമസ സ്ഥലത്ത് നിന്ന് മൂന്നര കിലോയോളം മയക്കുമരുന്നുകളും, മൊബൈൽ ഫോണുകളും, ഇലക്ട്രോണിക് തുലാസുകളും, പാക്കിംഗ് സാമഗ്രികളും കണ്ടെടുത്തു. വിപണിയിൽ ഒരു കോടിയിലേറെ വിലവരുന്ന മയക്കു മരുന്നാണ് പിടിച്ചെടുത്തത്. കോഴിക്കോട് ടൗൺ പൊലീസ് സംഘം ഹരിയാനയിലെത്തി കേസ്സിൽ ഉൾപ്പെട്ട മൂന്ന് നൈജീരിയൻ പ്രതികളെ കസ്റ്റഡിയിലെടുത്തു.

✪✪✪

ദേശീയ നേത്രദാന പക്ഷാചരണത്തിന് തുടക്കമായി. കാഴ്ചയില്ലാത്തവർക്ക് കാഴ്ച നൽകുകയെന്ന ലക്ഷ്യത്തോടെയാണ് എല്ലാ വർഷവും ആഗസ്റ്റ് 25 ന് നേത്രദാന പക്ഷാചരണം ആരംഭിക്കുന്നത്. നേത്രദാനത്തെ കുറിച്ച് ജനങ്ങളിൽ അവബോധമുണ്ടാക്കുക എന്ന ലക്ഷ്യത്തോടെ രാജ്യമെങ്ങും ആരോഗ്യ പ്രവർത്തകരുടെയും വിവിധ സന്നദ്ധ സംഘടനകളുടെയും നേതൃത്വത്തിൽ സെപ്റ്റംബർ എട്ട് വരെ നിരവധി പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്.

✪✪✪

ഇന്ത്യൻ ബഹിരാകാശ യാത്രികൻ, ഗ്രൂപ്പ് ക്യാപ്റ്റൻ ശുഭാൻഷു ശുക്ല ലക്നൗവിലെത്തി. UP ഉപമുഖ്യമന്ത്രി ബ്രജേഷ് പതക് അദ്ദേഹത്തെ ലക്നൗ വിമാനത്താവളത്തിൽ സ്വീകരിച്ചു.

പുഷ്പ വൃഷ്ടി നടത്തിയും, ത്രിവർണ പതാക ഉയർത്തിയും ശുഭാൻഷുവിനെ ജനങ്ങൾ സ്വാഗതം ചെയ്തു.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ആകാശവാണി 'മൻ കീ ബാത്' പരിപാടി ഈ മാസം 31-ന് രാവിലെ 11-ന് പ്രക്ഷേപണം ചെയ്യും. പരിപാടിയിലേക്ക് ആശയങ്ങളും, അഭിപ്രായങ്ങളും ഈ മാസം 29 വരെ ടോൾഫ്രീ നമ്പറിലും, നരേന്ദ്രമോദി മൊബൈൽ ആപ്ലിക്കേഷനിലും, MyGov ഓപ്പൺ ഫോറത്തിലും പങ്കുവെയ്ക്കാം.

✪✪✪

നാളെ അത്തം. മലയാളത്തിന്റെ ഓണാഘോഷത്തിന് നാളെ തുടക്കമാകും. പൂവിളിയും പൂപ്പാട്ടും ഓർമ്മകളിലേക്ക് ഒതുങ്ങിയെങ്കിലും നാളെ മുതൽ

മലയാളികളുടെ മുറ്റത്ത് പൂക്കളമൊരുങ്ങും. ഇനി തിരുവോണം വരെ പത്തു ദിവസം നാടും നഗരവും ആഘോഷത്തിന്റെ ആർപ്പിനും ആരവത്തിനും അരങ്ങായി മാറും. തൃപ്പൂണിത്തുറയിലെ അത്തച്ചമയ ആഘോഷവും നാളെയാണ്. മഴ ഒഴിഞ്ഞു നിൽക്കുന്നതോടെ ആഘോഷത്തിന്റെ ദിവസങ്ങളാണ് വരാനിരിക്കുന്നതെന്ന ശുഭ പ്രതീക്ഷയിലാണ് കേരളം.

✪✪✪

ഓണത്തിന് കേരളത്തിലേക്ക് പുക്കൾ എത്തിക്കാൻ തമിഴ്നാട്ടിലെയും കർണാടകയിലെയും പൂപ്പാടങ്ങൾ ഒരുങ്ങി. ഓണക്കാലം അവിടങ്ങളിലെ പൂക്കർഷകർക്ക് ചാകരക്കാലമാണ്..

ഇടുക്കിയിൽ നിന്ന് രതീഷ് കൃഷ്ണ....

.........(വോയ്സ്)........

✪✪✪

സപ്ലൈകോയുടെ കാസർകോട് ജില്ലാതല ഓണം ഫെയർ നാളെ കാഞ്ഞങ്ങാട്ട് മന്ത്രി A.K ശശീന്ദ്രൻ ഉദ്ഘാടനം ചെയ്യും. കാഞ്ഞങ്ങാട് നഗരസഭ ചെയർപേഴ്സൺ KV സുജാത ആദ്യ വില്പന നടത്തും.

✪✪✪

കേരള സ്കൂൾ ശാസ്ത്രോത്സവം 2025 പാലക്കാട് ടൗണിൽ സംഘടിപ്പിക്കാൻ തീരുമാനിച്ചു. മന്ത്രിമാരായ MB രാജേഷ്, K.കൃഷ്ണൻകുട്ടി, MLA മാർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, ജില്ലാ കലക്ടർ തുടങ്ങിയവരുമായി മന്ത്രി V ശിവൻകുട്ടി ചർച്ച നടത്തിയ ശേഷമാണ് തീരുമാനം അറിയിച്ചത്.

✪✪✪

കേരളത്തിലെ മികച്ച കലാലയ മാഗസിനുകൾക്ക് മുഖ്യമന്ത്രിയുടെ ട്രോഫിയും പുരസ്കാരവും ഇന്ന് സമ്മാനിക്കും. പാലക്കാട് ഗവ. വിക്ടോറിയ കോളേജ് പ്രസിദ്ധീകരിച്ച 'തുരുത്ത്' എന്ന മാഗസിനാണ് 2023-24 വർഷത്തിലെ മുഖ്യമന്ത്രിയുടെ ട്രോഫിയും 25,000 രൂപയും അടങ്ങുന്ന ഒന്നാം സമ്മാനം. വിക്ടോറിയ കോളേജിൽ മന്ത്രി M.B രാജേഷ് പുരസ്കാരം വിതരണം ചെയ്യും.

✪✪✪

കേരള ക്രിക്കറ്റ് ലീഗിൽ ഇന്ന് ആദ്യ മത്സരത്തിൽ ഏരീസ് കൊല്ലം സെയ്ലേഴ്സ്, തൃശൂർ ടൈറ്റൻസിനെ നേരിടും. ഉച്ചയ്ക്ക് 2.30 നാണ് മത്സരം. വൈകിട്ട് 6.45 ന് രണ്ടാം മത്സരത്തിൽ ആലപ്പി റിപ്പിൾസ്, അദാനി ട്രിവാൻഡ്രം റോയൽസുമായി ഏറ്റുമുട്ടും. കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിലാണ് മത്സരങ്ങൾ.

✪✪✪

ലോക യൂത്ത് ആർച്ചറി ചാമ്പ്യൻഷിപ്പിൽ ഷർവാരി സോമനാഥ് ഷിൻഡെ അണ്ടർ-18 വനിതാ വ്യക്തിഗത റീകർവ് ഇനത്തിൽ സ്വർണം സ്വന്തമാക്കി. കാനഡയിലെ വിന്നിപെഗിൽ സ്വർണം നേടുന്ന രണ്ടാമത്തെ താരമാണ് ഷർവാരി. നേരത്തെ ചികിത താനിപർത്തി അണ്ടർ-21 കോമ്പൗണ്ട് വ്യക്തിഗത സ്വർണം നേടിയിരുന്നു.

✪✪✪

പാലക്കാട് ജില്ലയിലെ കുത്തന്നൂർ ഗ്രാമപഞ്ചായത്ത്, കുടുംബശ്രീ എന്നിവയ്ക്കായി നിർമ്മിച്ച കെട്ടിടങ്ങൾ വൈകീട്ട് മന്ത്രി MB രാജേഷ് ഉദ്ഘാടനം ചെയ്യും. 55 ലക്ഷം രൂപ ചെലവിലാണ് കെട്ടിടങ്ങൾ നിർമ്മിച്ചത്.

✪✪✪

നബിദിനം പ്രമാണിച്ച് സംസ്ഥാനത്ത് രണ്ടര ലക്ഷത്തോളം വൃക്ഷത്തൈകൾ നടുമെന്ന് ദക്ഷിണ കേരള ജം ഇയ്യത്തുൽ ഉലമ സംസ്ഥാന ജനറൽ സെക്രട്ടറി തൊടിയൂർ മുഹമ്മദ് കുഞ്ഞ് മൗലവി അറിയിച്ചു. പാളയം ജുമാ മസ്ജിദ് വളപ്പിൽ തൈ നട്ട് KMYF സംസ്ഥാന പ്രസിഡന്റ് കടയ്ക്കൽ അബ്ദുൾ അസീസ് മൗലവി സംസ്ഥാനതല പരിപാടി ഉദ്ഘാടനം ചെയ്യും.

✪✪✪

മലപ്പുറം പോരൂർ രവിമംഗലത്ത് ചായക്കടയിലെ സ്ഫോടനത്തിൽ കട ഉടമ അറസ്റ്റിലായി. വാളമുണ്ട വെളുത്തേടത്ത് ഉണ്ണികൃഷ്ണനെയാണ് പോലീസ് കസ്റ്റഡിയിൽ എടുത്തത്.

✪✪✪

---

*News Editor : വി. കെ സുരേഷ്*
*News Reader: അനുഷ ആത്മപ്രകാശ്*
*NRTs: അനിൽ ചന്ദ്രൻ*
*DEO : ഷീബ*